LIBRARY ARCHIVES Kerala Legislative Assembly

ദ്രവീകൃത പ്രകൃതി വാതക ടെർമിനൽ സ്ഥാപിക്കാനുള്ള പദ്ധതി

*14[344] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, കെ. വി. കുഞ്ഞിരാമൻ:
,, എം. വി. ജയരാജൻ:
,, മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദ്രവീകൃത പ്രകൃതി വാതക (എൽ. എൻ. ജി.) ടെർമിനൽ സ്ഥാപിക്കാനുള്ള പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ ആവശ്യത്തിലേക്ക് രൂപീകരിക്കപ്പെട്ട പൊതുമേഖലാ ഓയിൽ കമ്പനികളുടെ കൺസോർഷ്യമായ 'പെട്രോനെറ്റ്' ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ;

(സി) ദ്രവീകൃത പ്രകൃതി വാതകം പുതുവൈപ്പ് തുറമുഖത്ത് എത്തിച്ച് വാതകമാക്കി പൈപ്പ് ലൈനിലൂടെ ഉപഭോക്താക്കൾക്കെത്തിക്കാൻ മുൻ സർക്കാർ പദ്ധതി ആവിഷ്കരിച്ചിരുന്നുവോ; എങ്കിൽ പ്രസ്തുത പദ്ധതി മുന്നോട്ടു കൊണ്ടുപോകുന്നതിൽ എന്തെല്ലാം വീഴ്ചകളാണ് ഇപ്പോൾ സംഭവിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) കൊച്ചി തീരത്ത് പ്രകൃതി വാതകം എത്തിക്കാൻ കഴിഞ്ഞാൽ വ്യാവസായിക രംഗത്ത് വൈദ്യുതി ഉണ്ടാക്കാൻ കഴിയുന്ന നേട്ടങ്ങൾ കണക്കിലെടുത്ത് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) കൊച്ചിയിൽ പോർട്ട് ട്രസ്റ്റിന്റെ കീഴിലുള്ള പുതുവൈപ്പിൻ ദ്വീപിൽ എൽ. എൻ. ജി. ടെർമിനൽ സ്ഥാപിക്കുന്നതിനുവേണ്ടി 40 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ട്. ഇ. പി. സി. കോൺട്രാക്ടറെ തെരഞ്ഞെടുക്കുന്നതിനുള്ള 'പ്രീ ക്വാളിഫിക്കേഷൻ ബിഡ്' ഖത്തറിൽനിന്നും കൊച്ചിയിലേക്ക് എൽ. എൻ. ജി. കടൽമാർഗ്ഗം കൊണ്ടുവരുന്നതിനുള്ള പ്രീ ക്വാളിഫ്ക്കേഷൻ എന്നിവ പൂർത്തിയായിട്ടുണ്ട്.

(ബി) പെട്രോനെറ്റ് എൽ.എൻ.ജി. ലിമിറ്റഡ് എന്ന സ്ഥാപനം ഇപ്പോൾ ഗുജറാത്തിൽ ദഹജ് എന്ന സ്ഥലത്ത് രാജ്യത്തെ ആദ്യ എൽ. എൻ. ജി. ടെർമിനൽ സ്ഥാപിച്ചുവരുന്നു. കൊച്ചി പ്രോജക്ടിനുവേണ്ടി കാര്യമായ പ്രവർത്തനം തുടങ്ങിയിട്ടില്ല.

(സി) ഇത്തരത്തിലൊരു പദ്ധതി ആവിഷ്കരിച്ചിരുന്നെങ്കിലും വാതകത്തിന്റെ വിലയെ സംബന്ധിച്ച് ഉപഭോക്താക്കൾ ഗ്യാസ് മാർക്കറ്റിംഗ് കമ്പനികളുമായി ധാരണയിൽ എത്താത്തതുകൊണ്ട് ഈ പദ്ധതിക്ക് കാര്യമായ പുരോഗതി ഉണ്ടായില്ല.

(ഡി) എൽ. എൻ. ജി. പദ്ധതി കൊണ്ട് സംസ്ഥാനത്തിനുണ്ടായേക്കാവുന്ന നേട്ടങ്ങൾ കണക്കിലെടുത്ത് NTPC-യും KSIDC-യും ചേർന്നുള്ള പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ തുടർന്നും പരിശ്രമിക്കുന്നതാണ്.

ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണത്തിന് വിദേശ രാജ്യങ്ങളിൽ നിന്നും സാങ്കേതിക സഹായം

*15 [345] ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. പി. ജെ. ജോയി:
„ കെ. മോഹൻ കുമാർ:
„ കെ. സി. വേണുഗോപാൽ:
„ വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം വിദേശ രാജ്യങ്ങളിൽ നിന്നും വൈദ്യുതി ബോർഡ് ജല വൈദ്യുതി പദ്ധതികളുടെ നിർമ്മാണത്തിനോ പുതുക്കലിനോ മറ്റെന്തെങ്കിലും കാര്യത്തിനോ വേണ്ടി സാങ്കേതിക വിദ്യയോ കൺസൾട്ടന്റുമാരെയോ നിലവിൽ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാശം നൽകുമോ;

(സി) കൺസൾട്ടന്റുമാരെ സ്വീകരിച്ചിട്ടുണ്ടെങ്കിൽ എത്ര പേരെ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഏത് വർക്കിനുവേണ്ടിയാണ് ഇവരെ സ്വീകരിച്ചതെന്നും ഇവരുടെ സേവന വേതന വ്യവസ്ഥകൾ എന്തെല്ലാമാണെന്നും ഇവർക്കുവേണ്ടി പ്രതിവർഷം എന്തു തുകയുടെ ചെലവ് വരുന്നുവെന്നും വെളിപ്പെടുത്തുമോ;

(ഇ) സാങ്കേതിക വിദ്യ സ്വീകരിച്ച വകയിൽ എന്തു തുക വിദേശ രാജ്യങ്ങൾക്ക് കൊടുക്കേണ്ടതുണ്ടെന്ന് വ്യക്തമാക്കുമോ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ കടവൂർ ശിവദാസൻ):

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly